# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 275 19/06/2019-ൽ മറുപടിയ്ക്ക്

## പൊതുജനാരോഗ്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.സി. ദിവാകരൻ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | പൊതുജനാരോഗ്യ പരിപാലനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ട്; വിശദമാക്കുമോ; | എ), ബി) & സി) | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി 2019 - ലെ ആരോഗ്യ ജാഗ്രത - പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ **"ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം"** എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഫീൽഡ്തല പ്രവർത്തനവും ഏകോപനവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ടി സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്.<br>കേരള പഞ്ചായത്ത് രാജ് ആക്ട്, സ.ഉ(കൈ) നം. 11/2018/തസ്വഭവ തീയതി 29.01.2018 എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ. പ്രകാരമുള്ള ഇടപെടലുകൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടത്തുന്നുണ്ട്. ഓരോ മാസങ്ങളിലും നടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റിയിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ, എച്ച്.എം.സി |
| ബി) | വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷികപദ്ധതിയുടെ ഭാഗമായി സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ; | | |
| സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തുന്ന ആരോഗ്യപദ്ധതികളുടെ അവലോകനം സർക്കാരിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായി നടത്താറുണ്ടോ; എത്രത്തോളം കാര്യക്ഷമമായാണ് ഇവ നടക്കുന്നത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | യോഗങ്ങൾ എന്നിവയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് അവലോകനം നടത്തി വരുന്നു. വാർഡ് തലത്തിൽ ശുചിത്വ സമിതികൾ രൂപീകരിക്കുകയും ആയത് കൃത്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ, വാർഡ്തല സാനിട്ടേഷൻ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ ഭവന സന്ദർശനം, സോഴ്സ് റിഡക്ഷൻ, കിണർ മറ്റ് ജലാശയങ്ങളുടെ ശുചീകരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്ഥാപനങ്ങൾ ബോധവത്കരണ ക്ലാസുകളും പകർച്ച വ്യാധി നിയന്ത്രണം സംബന്ധിച്ച ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളും വാർഡുകൾ തോറും അംഗൻവാടികൾ മുഖേനയും നടത്തി വരുന്നു. കൂടാതെ പി.എച്ച്.സി മുഖാന്തിരം സാന്ത്വന പരിചരണം, മരുന്ന് വാങ്ങൽ, ലാബ് പ്രവർത്തനം, ക്യാൻസർ പരിശോധന എന്നിവ നടത്തുന്നു.<br>പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് എല്ലാ വർഷവും പദ്ധതി നടപ്പിലാക്കുകയും ആയതിന് സന്നദ്ധസംഘടനകൾ സഹകരിക്കുകയും ചെയ്യാറുണ്ട്.<br>എല്ലാ മാസവും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ആരോഗ്യ വകുപ്പ് ശുചിത്വമിഷൻ , എന്നിവയുടെ സഹായത്തോടെയും സഹകരണത്തോടെയും സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള എല്ലാ ആരോഗ്യ - ശുചിത്വ പദ്ധതികളും ഗ്രാമപഞ്ചായത്തുകൾ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്നു. തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുകയും, ശുചീകരണജോലികൾ കൃത്യമായി നടത്തുകയും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും, നിശ്ചിത ഇടവേളകളിൽ സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവ നടത്തുകയും, കൊതുക് |

| | | | |
|---|---|---|---|
| | | | വളരുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തുന്ന ആരേഗ്യ പദ്ധതികളുടെ അവലേകനം ഫലപ്രദമായി നടത്താറുണ്ട്. മെഡിക്കൽ ഓഫീസർമാർ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ, ആയുർവേദം, ഹോമിയോ, ആയുഷ് എന്നിവരുടെ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. വാർഡ് സാനിട്ടേഷൻ കമ്മറ്റികളിലൂടെ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ ഇടപെടുന്നുണ്ട്. |
| ഡി) | തദ്ദേശസ്ഥാപനങ്ങൾ മുൻകയ്യെടുത്ത് വിവിധ ആരോഗ്യപദ്ധതികളുടെ പ്രവർത്തനവും ആര്രോഗ്യകേന്ദ്രം, ആയുർവേദ , ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനവും ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ടും വിശദമായി പരിശോധിക്കാറുണ്ടോ; | ഡി) | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ കൃത്യമായി പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു. ആരോഗ്യകേന്ദ്രം, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനങ്ങൾ , ഹെൽത്ത് സ്റ്റാറ്റസ് എന്നിവ മോണിറ്ററിംഗ് ചെയ്തു വരുന്നു. |
| ഇ) | ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പാക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഇ) | കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം രൂപീകൃതമായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മിറ്റികളിൽ ആരോഗ്യപദ്ധതികളുടെ പ്രവർത്തനങ്ങൾ വിശദമായി പരിശോധിക്കുന്നുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ എല്ലാ മാസവും നടത്തുന്നു. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി കൂടിയും അവലോകനം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ